# KSTA MALAPPURAM
## SSLC MODEL EXAMINATION,MARCH-2021
## MALAYALAM
### First Language-Paper 1

**Time:11/2Hours** **Total Score:40**

---

**നിർദ്ദേശങ്ങൾ:**

* **20 മിനിറ്റ് സമാശ്വാസ സമയമാണ്.ആ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.**
* **ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.**
* **ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.**
* **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 40 സ്കോർ ആയിരിക്കും.**

---

**Score**

**1 മുതൽ 6 വരെ ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)**

1. മുക്തിക്ക് വിഘ്നം വരുത്താൻ ഏറ്റവും ശക്തിയുള്ളത്? **1**
 *ക്രോധം
 *സുഖം
 *സന്തോഷം
 *ദു:ഖം

2. ഉപ്പു കൊണ്ടുള്ള പ്രതിമ പോലെ അയാൾ നിന്നെടുത്ത് തന്നെ നിന്നു. **1**
 ആരെ കുറിച്ചാണ് പറയുന്നത്?
 *മെത്രാൻ
 *മദാം മഗ്ളർ
 *പോലീസ് ഓഫീസർ
 *ഴാങ് വാൽ ഴാങ്

3. വിവേകികൾ സ്വന്തം ജീവിതം ധന്യമാക്കുന്നത് എങ്ങനെയാണ്? **1**

4. നിജകർമ്മ നീതരായി എന്ന പദത്തിന്റെ അർത്ഥം **1**
 *നീചമായ കർമ്മം ചെയ്യുന്നവർ
 *നീചമായ കർമ്മം ഉള്ളവർ
 *അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട്
 *നിജകർമ്മങ്ങളിൽ മുഴുകിയവർ

5. വഴിച്ചോറ് എന്നർത്ഥം വരുന്ന പദം കണ്ടെത്തി എഴുതുക **1**
 *പാഥേയം
 *പന്ഥാവ്
 *പാന്ഥർ
 *പഥികൻ

6. മാല്യം മൂർദ്ധാവിലിട്ടാൽ തലകുടയുമുടൻ പാമ്പിതെന്നോതിയന്ധൻ.....ഇവിടെ ആരുടെ പ്രവർത്തിയാണ് സൂചിപ്പിക്കുന്നത്? 1

*ബാലന്റെ

*ദുഷ്ഷന്തന്റെ

*ശകുന്തളയുടെ

*താപസിമാരുടെ

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

**(2 സ്കോർ വീതം)**

7. "പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും."ദിവാകരൻ ഇങ്ങനെ പറയുന്നതിന് കാരണമെന്ത്? 2

8. "രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു."സന്ദർഭം വ്യക്തമാക്കുക. 2

9. സർവ്വദമനന്റെ കൈകളെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്? 2

10. എന്തെല്ലാം പേരുകൾ വിളിച്ചാണ് കോപാകുലനായ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നത്? 2

11. മാതൃകപോലെ എഴുതുക 2

കാഹള ശബ്ദം--കാഹളത്തിന്റെ ശബ്ദം

ഉപ്പു പ്രതിമ.......

കാലാഹി.........

**12 മുതൽ 21 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

**(4 സ്കോർ വീതം)**

12. ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണ് എന്ന് എനിക്ക് തോന്നി.ചവറിൽ പുതഞ്ഞ് കിടക്കുന്ന കീറകടലാസുകൾ ഒരു വശത്തും ഞങ്ങളുടെ നിത്യ സുഹൃത്തായ വിശപ്പ് മറുവശത്തും. (അക്കർമാശി)

സൂചനകളുടെ അടിസ്ഥാനത്തിൽ ശരൺകുമാർലിംബാളെയുടെ ജീവിതസാഹചര്യം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. 4

13. " പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം"

നളിനിയുടെ മുഖത്തെ ഇങ്ങനെ വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക. 4

14. ഋതുയോഗം എന്ന പാഠഭാഗത്തിന് ആ ശീർഷകം എത്രമാത്രം അനുയോജ്യമാണെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക. 4

15. വിശ്വരൂപം എന്ന കഥയിൽ താഴത്ത് കുഞ്ഞുകുട്ടി അമ്മയുടെ രണ്ടു വാങ്മയ ചിത്രങ്ങൾ കഥാകൃത്ത് അവതരിപ്പിക്കുന്നുണ്ട്.അവ താരതമ്യം ചെയ്ത് അവരുടെ ജീവിതത്തിലുണ്ടായ മാറ്റത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക. 4

16. മർത്യ ജന്മം ക്ഷണികമാണെന്ന് സമർത്ഥിക്കുന്നതിന് ശ്രീരാമോപദേശമായി കവി നൽകുന്ന ഉദാഹരണങ്ങൾ വിശദമാക്കുക. 4

17. 'പിയത്ത' എന്ന വാക്കിന് കരുണ എന്നർത്ഥം.ഈ അർത്ഥം മൈക്കലഞ്ചലോയുടെ ശില്പത്തിന് എത്രമാത്രം യോജിക്കുന്നു എന്ന് കവിതയിലെ വരികൾ വിശകലനം ചെയ്ത് വിശദമാക്കുക. 4

18. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ് ലും കൂടി ആവശ്യമില്ല." ഈ വാക്കുകളിൽ തെളിയുന്ന മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. **4**

19. വെള്ളായിയപ്പന്റെ ദു:ഖം ഗ്രാമത്തിന്റെ ദു:ഖമായി മാറുന്നത് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്? **4**

20. അതെല്ലാം എരിവും പുളിയും ചേർത്ത് പകർത്തി അയച്ച "ഷ്കോൾ കുട്ടിയാണ്" തന്റെ മുന്നിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല. വൃദ്ധയുടെ മകന്റെ മനംമാറ്റത്തിന് സഹായകമായി എസ് കെ പൊറ്റെക്കാടിന്റെ കത്തിലുണ്ടായിരുന്ന ഘടകങ്ങൾ എന്തെല്ലാമായിരുന്നു? **4**

21. ചെറുപാമ്പ് ചന്ദനമരത്തെ അശുദ്ധമാക്കുന്നത് പോലെ എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നതെന്താണ്? **4**

**22 മുതൽ 25 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**
**(6 സ്കോർ വീതം)**

22. നിസ്സഹായനായ അച്ഛന്റെ വേദന കാവ്യാത്മകമായി അവതരിപ്പിക്കുന്ന ഒ. വി.വിജയന്റെ കടൽത്തീരത്ത് എന്ന കഥക്ക് ആസ്വാദനം തയ്യാറാക്കുക. **6**

23. മനുഷ്യ സ്നേഹത്തിന്റെ പ്രതീകമാണ് പാവങ്ങളിലെ മെത്രാൻ.അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതകൾ പാഠഭാഗത്തുനിന്നും കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക. **6**

24. "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ ,വിവേകികൾ."(പ്രിയദർശനം)

ലോകമെമ്പാടും ഭീതി പരത്തിയ ഒരു മഹാമാരിയെ പ്രതിരോധിക്കാനുള്ള ശ്രമത്തിലാണ് നമ്മൾ.സ്വജീവൻപോലും അവഗണിച്ചാണ് ആരോഗ്യപ്രവർത്തകർ രക്ഷാദൗത്യം നടത്തുന്നത്.ഈ സാഹചര്യത്തെ മേൽകൊടുത്ത വരികളുമായി താരതമ്യം ചെയ്ത് ഒരു ഉപന്യാസം തയ്യാറാക്കുക. **6**

25. തിരക്കുപിടിച്ച മനുഷ്യജീവിതാവസ്ഥയിൽ എഴുത്തച്ഛന്റെ സാരോപദേശങ്ങൾ എത്രമാത്രം കാലികമായിത്തീരുന്നുവെന്ന് വിലയിരുത്തി ഒരു ഉപന്യാസം തയ്യാറാക്കുക. **6**